പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3084 23.03. 2015- ൽ മറുപടിക്ക്

**പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രൻസ്**

ചോദ്യം

ശ്രീ.കെ.രാജു

ഉത്തരം

ശ്രീ. കെ. സി. ജോസഫ്
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

എ) നോർക്ക വകുപ്പ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രൻസ് എന്ന പേരിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയിൻ കീഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇതിനുള്ള ധനസഹായം എവിടെ നിന്നെല്ലാം ലഭിക്കുമെന്നും സബ്സിഡിയുടെയും തിരിച്ചടവുകളുടെയും വിശദാംശങ്ങളും ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് 2013-14 സാമ്പത്തിക വർഷം നീക്കിവച്ച തുക എത്രയെന്നും ഇതിൽ എത്ര ചെലവഴിക്കപ്പെട്ടുവെന്നും എത്രപേർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് നാളിതുവരെ സഹായം നൽകിയെന്നും വ്യക്തമാക്കുമോ?

എ) തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുകയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി വിഭാവനം ചെയ്യുന്നത്. ചുരുങ്ങിയത് രണ്ടു വർഷം വിദേശത്ത് ജോലി ചെയ്തതിനു ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയേയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്.

പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലു വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. നോർക്ക റൂട്ട്സും കനറാ ബാങ്ക്/യൂണിയൻ ബാങ്കുമായി ഒപ്പു വയ്ക്കപ്പെട്ട ധാരണാപത്രം പ്രകാരം റിസർവ്വ്

ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നൽകിയാണ് മേൽ പറഞ്ഞ ബാങ്കുകൾ ഈ സംരംഭ വുമായി സഹകരിക്കുന്നത്. കൂടാതെ പ്രസ്തുത പലിശ നിരക്കിൽ നിന്നും ആദ്യത്തെ നാലു വർഷം 3% പലിശ ഇളവു നൽകിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി നടപ്പാക്കുന്നതിനായി സർക്കാർ 2013-14 സാമ്പത്തിക വർഷം 2.97 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു.

ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ വായ്പയ്ക്കായി അപേക്ഷിച്ച 19690 അപേക്ഷകരേയും സ്ക്രീനിംഗിന് വിളിക്കുകയും അതിൽ ഹാജരായ 7194 അപേക്ഷകരിൽ 6751 പേരെ വായ്പയ്ക്ക് അർഹരായി കണ്ടെത്തുകയും ബാങ്കിന്റെ നിബന്ധനയ്ക്ക് വിധേയമായി വായ്പ അനുവദിക്കാൻ ബാങ്കിലേക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം ബാങ്ക് വായ്പ 605 പേർ എടുത്തതായി ബാങ്ക് അറിയിച്ചിട്ടുണ്ട്. മറ്റ് അപേക്ഷകളിന്മേൽ ബാങ്കുകൾ തുടർനടപടി സ്വീകരിച്ചു വരുന്നു. ഇതിനകം വായ്പ എടുത്തിട്ടുള്ള 418 പേരുടെ സബ്സിഡി തുകയായ 4.08 കോടി രൂപ നോർക്ക-റൂട്ട്സിൽ നിന്നും അതാതു ബാങ്കുകളിലേക്ക് മാറ്റിയിട്ടുണ്ട്. (വിശദാംശം അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു).

സെക്ഷൻ ഓഫീസർ

അനുബന്ധം-1

## NDPREM -പുരോഗതി റിപ്പോർട്ട്

| | | |
|---|---|---|
| 1 | മൊത്തം അപേക്ഷകരുടെ എണ്ണം | 19690 |
| 2 | സ്ക്രീനിംഗിന് ക്ഷണിച്ചവരുടെ എണ്ണം | 19690 |
| 3 | സ്ക്രീനിംഗിന് ഹാജരായവരുടെ എണ്ണം | 7194 |
| 4 | സ്ക്രീനിംഗിന് കമ്മിറ്റി തിരഞ്ഞെടുത്ത അപേക്ഷകരുടെ എണ്ണം | 6809 |
| 5 | സ്ക്രീനിംഗിന് കമ്മിറ്റി നിരസിച്ച അപേക്ഷ കരുടെ എണ്ണം | 385 |
| 6 | ബാങ്കിലേക്ക് ശുപാർശ കത്ത് അയച്ചവ രുടെ എണ്ണം | 6751 |
| 7 | ബാങ്കിലേക്ക് ശുപാർശ കത്ത് അയക്കാനു ള്ളത് (ബാഡ്ജോട് കൂടിയ ഡ്രൈവിംഗ് ലൈസൻസ്, വിസയുടെ പകർപ്പ് എന്നീ വിവിധ കാരണങ്ങളാൽ പെൻഡിംഗ് വച്ചിരി ക്കുന്ന അപേക്ഷകളുടെ എണ്ണം) | 58 |
| 8 | ബാങ്കിൽ നിന്നും ലോൺ എടുത്ത അപേ ക്ഷകരുടെ എണ്ണം | 605 |
| 9 | ബാങ്കിലേക്ക് സബ്സിഡി അയച്ചത് | 4.08 കോടി രൂപ |
| 10 | 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ Rehabilitation of Returnee Migrants 2230-01-103-11 (Plan) എന്ന ശീർഷകത്തിൽ അനുവദിച്ച തുക | 5.48 കോടി രൂപ |
| 11 | സബ്സിഡി ഇനിയും അനുവദിക്കാനുള്ളത് | 1.06 കോടി രൂപ |